# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 615

11.06.2013ൽ
മറുപടിക്ക്.

### എറണാകുളം മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) നിർദ്ദിഷ്ട എറണാകുളം-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ജനവാസകേന്ദ്രങ്ങളിൽ നിന്നും മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ (KKBMPL) അലൈന്റ്മെന്റ് ഏകദേശം 70% വയലുകളിലൂടെയോ കൃഷിഭൂമികളിലൂടെയോ ആണ് കടന്നുപോകുന്നത്. ജനവാസ കേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കിയാണ് അലൈന്റ്മെന്റ് നിർണ്ണയിച്ചിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി വിട്ട് നൽകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ട് പ്രകാരം മാർക്കറ്റ് വിലയുടെ 10% ആണ് നഷ്ടപരിഹാരമായി ഭൂമിയുടെ ഉപയോഗാവകാശത്തിനായി നൽകുന്നത്. ഭൂമി ഏറ്റെടുക്കുന്നില്ല. 04.06.2013-ലെ G.O.(Rt) No: 3195/13/RD പ്രകാരം ഭൂമിയുടെ കമ്പോള വില ന്യായവിലയുടെ 5 ഇരട്ടിയായി നിർണ്ണയിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അതനുസരിച്ച് ഭൂ ഉടമയ്ക്ക് ഉപയോഗാവകാശം നൽകുന്നതിനായി ഫെയർ വാല്യൂവിന്റെ 50% നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്. |
| സി) നഷ്ടപ്പെടുന്ന ഭൂമിയുടെ വിപണി വിലയ്ക്ക് തുല്യമായ ജി.എ.ഐ.എൽ-ൽ ഓഹരി അനുവദിച്ച് കിട്ടുന്നതിന് ശ്രമിക്കുമോ; | (സി) നഷ്ടപ്പെടുന്ന ഭൂമിയുടെ വിപണി വിലയ്ക്ക് തുല്യമായ ജി.എ.ഐ.എൽ-ൽ ഓഹരി നൽകുന്നതിനുള്ള വ്യവസ്ഥ P & MP Act ലോ മറ്റ് നിയമങ്ങളിലോ ഇല്ലാത്തതിനാൽ ഓഹരി നൽകാൻ മാർഗ്ഗമില്ല. |
| ഡി) ഭൂമി വിട്ടു നൽകുന്നവരുടെ കുടുംബത്തിലെ ഒരാൾക്ക് പ്രസ്തുത കമ്പനിയിൽ സ്ഥിരം ജോലി ലഭ്യമാക്കുമോ? | (ഡി) P&MP ആക്ട് പ്രകാരം ഭൂമിയുടെ ഉപയോഗാവകാശം മാത്രം എടുക്കുന്നതിൽ ഈ നിർദ്ദേശം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ